**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5471** **05-07-2024 - ല്‍ മറുപടിയ്ക്ക്**

**മോട്ടോര്‍ വാഹന വകുപ്പിലെ റേഷ്യോ പ്രൊമോഷന്‍**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീര്‍** | | **ശ്രീ കെ ബി ഗണേഷ് കുമാര്‍ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | മോട്ടോര്‍ വാഹന വകുപ്പിലെ ജോയിന്റ് ആര്‍.ടി.ഒ., എം.വി.ഐ., സീനിയര്‍ സൂപ്രണ്ട് എന്നീ തസ്തികകളിലെ നിലവിലെ കേഡര്‍ സ്ട്രെങ്ത് എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ജോയിന്റ് ആര്‍.ടി.ഒ. - 89<br>എം.വി.ഐ - 290<br>സീനിയര്‍ സൂപ്രണ്ട് - 36 |
| (ബി) | ജോയിന്റ് ആര്‍.ടി.ഒ. തസ്തികയിലേക്കുള്ള റേഷ്യോ പ്രൊമോഷന്റെ നിലവിലെ അനുപാതം എത്രയാണെന്ന് അറിയിക്കുമോ; | (ബി) | നിലവിലെ സ്പെഷ്യല്‍ റൂള്‍സ് പ്രകാരം ജോയിന്റ് ആര്‍.ടി.ഒ. തസ്തികയിലേക്ക്, മോട്ടോര്‍ വെഹിക്കിള്‍സ് ഇന്‍സ്പെക്ടര്‍ തസ്തികയില്‍ നിന്നും സീനിയര്‍ സൂപ്രണ്ട്/ജൂനിയര്‍ അക്കൗണ്ട്സ് ഓഫീസര്‍ തസ്തികയില്‍ നിന്നും 2:1 എന്ന അനുപാതത്തില്‍ പ്രൊമോഷന്‍/ബൈ ട്രാന്‍സ്ഫര്‍ നല്‍കാവുന്നതാണ്. ഫീഡര്‍ കാറ്റഗറിയില്‍ ഏതെങ്കിലും വിഭാഗത്തില്‍ യോഗ്യരായ ഉദ്യോഗസ്ഥര്‍ ഇല്ലാത്ത സാഹചര്യത്തില്‍, അടുത്ത ഫീഡര്‍ കാറ്റഗറിയില്‍ നിന്നും നിയമിക്കാവുന്നതും, റേഷ്യോയില്‍ ഉണ്ടാകുന്ന പ്രസ്തുത വ്യത്യാസം ഭാവിയില്‍ വരുന്ന ഒഴിവുകളില്‍ അഡ്ജസ്റ്റ് ചെയ്യാവുന്നതാണെന്നും നിഷ്കര്‍ഷിച്ചിട്ടുണ്ട്. |
| (സി) | കേഡര്‍ സ്ട്രെങ്തിന്റെ അടിസ്ഥാനത്തില്‍ റേഷ്യോ പുനര്‍നിര്‍ണയിക്കാന്‍ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കില്‍ പുതുക്കിയ റേഷ്യോ എത്രയായിരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) | നിലവിലുള്ള 2:1 എന്ന അനുപാതം 3 :1 ആയി ഭേദഗതി വരുത്താവുന്നതാണെന്ന ശിപാര്‍ശയോടെ ഗതാഗത കമ്മീഷണര്‍ സമര്‍പ്പിച്ച പ്രൊപ്പോസല്‍ സര്‍ക്കാര്‍ പരിശോധിച്ചു വരുന്നു. |

സെക്ഷന്‍ ഓഫീസര്‍